**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2568** **19.07.2011-ൽ മറുപടിക്ക്.**

**എയർ കേരള ഇന്റർനാഷണൽ സർവ്വീസസ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ വിമാന സർവ്വീസ് നടത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള എയർ കേരള ഇന്റർനാഷണൽ സർവ്വീസസ് ലിമിറ്റഡിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലായി എന്നു വെളിപ്പെടുത്തുമോ ; | (എ) | കേരളത്തിന്റേതായി ഒരു ബഡ്ജറ്റ് എയർ ലൈനിനുവേണ്ടി ബഹു: കേരള മുഖ്യമന്ത്രി ചെയർമാനായി, കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ സബ്സിഡിയറിയായി 16.12.2005-ലെ സ.ഉ. (എം.എസ്) നം. 40/ 05/ ഗതാ. പ്രകാരം സർക്കാർ പങ്കാളിത്തത്തോടെ എയർ കേരള ഇന്റർനാഷണൽ സർവ്വീസസ് ലിമിറ്റഡ് എന്ന വിമാനക്കമ്പനി രൂപീകരിച്ചുവെങ്കിലും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ താഴെപ്പറയുന്ന നിബന്ധനകൾക്കുള്ള ഇളവ് ലഭിക്കാത്തതിനാൽ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.<br>(എ) അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിക്കുവാൻ കുറഞ്ഞത് അഞ്ച് വർഷത്തെ ആഭ്യന്തര പ്രവർത്തനങ്ങളിലുള്ള പരിചയം;<br>(ബി) കുറഞ്ഞത് 20 വിമാനങ്ങളെങ്കിലും അന്താരാഷ്ട്ര സർവ്വീസുകൾക്കായി വേണം. |
| (ബി) | ഈ കമ്പനിക്ക് കേന്ദ്ര വ്യോമയാന വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭിക്കാനുള്ള എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. നിബന്ധനകളിൽ അയവ് നല്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ കമ്പനി എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ടി നിബന്ധനകളിൽ അയവ് നല്കാത്തതിനാൽ വിമാനസർവ്വീസ് തുടങ്ങാൻ സാധിക്കാത്ത അവസ്ഥയാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ.